**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 215** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>എം.ബി.ബി.എസ്. ഹൗസ് സർജൻസിക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നതിലെ കുറവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. ഹൗസ് സർജൻസി വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രതിമാസ സ്റ്റൈപ്പന്റ് കൃത്യമായി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് വിദ്യാർത്ഥികൾക്ക് കൃത്യമായി ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിക്കപ്പെട്ട നിരക്കിലുള്ള സ്റ്റൈപ്പന്റ്, ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സമർപ്പിക്കുന്ന ഹൗസ് സർജൻമാരുടെ അറ്റൻൻസിന്റെ അടിസ്ഥാനത്തിൽ, പ്രതിമാസം കൃത്യമായി വിതരണം ചെയ്യുന്നുണ്ട്.

**(ബി)** സർക്കാർ നിശ്ചയിച്ചിരിക്കുന്ന പ്രസ്തുത സ്റ്റൈപ്പന്റ് തുക ചില കോളേജുകൾ കുറവ് വരുത്തി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക വിദ്യാർത്ഥികൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ സർക്കാർ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിക്കപ്പെട്ട നിരക്കിലുള്ള സ്റ്റൈപ്പന്റ്, ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സമർപ്പിക്കുന്ന ഹൗസ് സർജൻമാരുടെ അറ്റൻൻസിന്റെ അടിസ്ഥാനത്തിൽ, പ്രതിമാസം കൃത്യമായി വിതരണം ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**